# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3282 11.12.2014-ലെ മറുപടിക്ക്**

## 4 ജി ഒപ്ടിക്കൽ കേബിളിടാൻ റിലയൻസിന് അനുവാദം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ<br>" പുരുഷൻ കടലുണ്ടി<br>" കെ. വി.വിജയദാസ്<br>" കെ. കെ. നാരായണൻ | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |

എ) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് വക റോഡുകൾ കുത്തിപ്പൊളിച്ച് 4 ജി ഒപ്ടിക്കൽ കേബിളിടാൻ റിലയൻസിന് അനുവാദം നൽകിയിരുന്നുവോ; എങ്കിൽ എപ്പോൾ;

(എ) വിവരസാങ്കേതിക വകുപ്പിൽ നിന്നും 14.06.2013-ൽ പുറപ്പെടുവിച്ച സ.ഉ.(എം.എസ്) നം.16/2013/വി.സാ.വ., 11.10.2013-ൽ പുറപ്പെടുവിച്ച സ.ഉ.(എം.എസ്.)നം.30/2013/വി.സാ.വ. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം കേരളത്തിലുടനീളം 3306.26 കി.മീ. ദൂരത്തിൽ ഒപ്ടികൽ ഫൈബർ കേബിൾ ഇടുവാനുള്ള അനുമതി M/s. Reliance Jio Infocomm ന് നൽകിയിട്ടുണ്ട്.

ബി) ഇതു സംബന്ധമായി ആക്ഷേപം ഉയർന്നു വന്നപ്പോൾ ചീഫ് സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടിട്ടു ണ്ടായിരുന്നുവോ; നൽകിയ വിശദീകരണത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

സി) 4 ജി കേബിളിടുന്നതിന്റെ വാടകയും യൂസർഫീയും തീരുമാനിച്ചതിന് ശേഷമാണോ, കേബിളിടാൻ അനുമതി നൽകിയിരുന്നത്; ഭരണതലത്തിൽ ഉന്നതരായവരുടെയെല്ലാം അറിവോടുകൂടിയാണോ സെക്രട്ടറി റിലയൻസിന് അനുമതി നൽകിയത്;

ബി) & സി) 08.11.2000 തീയതിയിലെ ജി.ഒ (എം.എസ്.) നം.18/2000/ഐ.ടി.ഡി., 20.01.2001-ലെ ജി.ഒ. (എം.എസ്.)2/2001/ഐ.ടി.ഡി. എന്നീ ഉത്തരവുകൾ പ്രകാരം ഇക്കാര്യത്തിൽ മന്ത്രിസഭയുടെ അംഗീകാരത്തോടെ വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇതിൽ, ജി.ഒ.(എം.എസ്.) നം.18/2000/ഐ.ടി.ഡി. പ്രകാരം അനുമതി നൽകുന്നതിനായി ഒരു കമ്മിറ്റി ഓഫ് സെക്രട്ടറീസ് രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് ROW (Right of Way) അനുമതികൾ നൽകുന്നത്.

കേബിളിടുന്നതിനായി ഐ.ടി. വകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ അന്തിമമായി കരുതണമെന്നും ഇതിനായി

| | |
|---|---|
| | ഓരോ വകുപ്പും പ്രത്യേകം ഉത്തരവുകൾ പുറപ്പെടുവിക്കേണ്ട ആവശ്യമില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ യൂസർഫീയും വാടകയും പൊതുമരാമത്ത് വകുപ്പിന് ഈടാക്കാവുന്നതാണെന്നും ഇതിൽ ഉത്തരവായിട്ടുണ്ട്. യൂസർഫീയുടെയും വാടകയുടെയും നിരക്ക് നിശ്ചയിക്കുന്നതിന് ഇപ്പോഴത്തെ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>ഐ.ടി. വകുപ്പ് അനുമതി ലഭിച്ചതിനു ശേഷവും G.O.(Ms)No.88/ 2013/PWD dated 29.10.2013, G.O.(Ms) No.89/2013/PWD dated 05.11.2013 എന്നീ ഉത്തരവുകൾ നടപടിക്രമങ്ങൾ പാലിക്കാതെയും വകുപ്പ് മന്ത്രിയുടെ അനുമതിയില്ലാതെയും പി.ഡബ്ല്യു.ഡി. സെക്രട്ടറി പുറപ്പെടുവിച്ചു. ഇത്തരം ഒരു ഉത്തരവ് ഇറക്കിയതിന്റെ സാംഗത്യം പരിശോധിക്കാൻ ചീഫ് സെക്രട്ടറിയോട് മന്ത്രി ആവശ്യപ്പെട്ടു. പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയിൽ നിന്നും ചീഫ് സെക്രട്ടറി വിശദീകരണം തേടിയതിനെ തുടർന്ന് മേൽപ്പറഞ്ഞ ഉത്തരവുകൾ റദ്ദാക്കുകയുണ്ടായി. |
| ഡി) റിലയൻസ് സംസ്ഥാനത്ത് ഏതെല്ലാംറോഡുകളിലാണ് ഇതിനകം കേബിളുകൾ ഇട്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | ഡി) റിലയൻസ് കേബിളുകൾ ഇട്ടിരിക്കുന്ന റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ഇ) പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടതിന് ശേഷവും ഇപ്പോഴും റിലയൻസ് കേബിൾ ഇട്ടുകൊണ്ടിരിക്കുന്നതായി അറിയാമോ; ഇത് സർക്കാർ തടഞ്ഞിട്ടുണ്ടോ? | ഇ) ഇക്കാര്യം സംബന്ധിച്ച് IT-ഡിപ്പാർട്ട്മെന്റ് ഇറക്കിയ ഉത്തരവുകളനുസരിച്ച് ഓപ്ടിക്കൽ ഫൈബർ കേബിൾ ഇടുന്ന ഏജൻസികൾക്ക് റോഡ് കട്ട് ചെയ്യുന്നതിന് ഓരോ വകുപ്പിന്റെയും പ്രത്യേക അനുമതി ആവശ്യമില്ലെന്ന് വ്യക്തമായിട്ടുണ്ട്. അതിൻ പ്രകാരം നിർദ്ദിഷ്ട നിബന്ധനകൾക്ക് വിധേയമായി ബാങ്ക് ഗ്യാരന്റിയുടെ അടിസ്ഥാനത്തിൽ കമ്പനി ഇപ്പോൾ റോഡിൽ കേബിളുകൾ ഇടുന്നുണ്ട്. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ